# കേരള പോലീസ്
# ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്

നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആൻറ് കൺട്രോൾ) റൂൾസ് 2000, 20/04/2002 ലെ കേരള ഗവൺമെൻറിൻെറ വിജ്ഞാപനം നമ്പർ. എസ്.ആർ.ഒ. 289/2002. കേരള പോലീസ് ആക്ട് എന്നിവയിലെ നിയമ വ്യവസ്ഥകൾക്ക് വിധേയമായി ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്.

1. അപേക്ഷകൻെറ പേരും മേൽ വിലാസവും
2. (a) ഉച്ചഭാഷിണി ഉപയോഗിക്കാവുന്ന സ്ഥലം :
   (b) തീയതിയും സമയവും : ................. മുതൽ ................. വരെ
   (c) മേഖല (സോൺ) :
   (d) അനുവദിച്ചിരിക്കുന്ന ശബ്ദപരിധി : ................. ഡെസിബൽ
   (e) ആംപ്ളിഫയറിൽ നിന്നും ഉച്ചഭാഷിണി ഘടിപ്പിക്കാനവുന്ന ദൂരപരിധി : ................. മീററർ
3. അനുവദിച്ചിട്ടുള്ള ബോക്സ് ആകൃതിയിലുള്ള ഉച്ചഭാഷിണികലുടെ എണ്ണം :
4. വാഹനത്തിൻെറ വിവരങ്ങൾ :

## അനുമതി വ്യവസ്ഥകൾ

A അടച്ചുകെട്ടിയിട്ടുള്ള ഓഡിറേറാറിയം, കോൺഫറൻസ് മുറികൾ, കമ്മ്യൂണിററി ഹാൾ, സദ്യാലയങ്ങൾ എന്നിവ ഒഴികെ മറെറാരിടത്തും രാത്രി 10 മണിക്ക് ശേഷവും രാവിലെ 6 മണിക്ക് മുമ്പും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല.

B ആശുപത്രികൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോടതികൾ, പബ്ലിക് ഓഫീസുകൾ വന്യജീവി സങ്കേതം എന്നിവയുടെ 100 മീററർ ചുളവിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല.

C ഓടിക്കൊ ിരിക്കുന്ന വാഹനങ്ങളിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുത്.

D ജനസഞ്ചാരമുള്ള പൊതു നിരത്തുകളിൽ ഗതാഗതത്തിന് അസൗകര്യം ഉ ാക്കുന്ന രീതിയിലും പൊതുജനത്തിന് അരോചകമാകുന്ന വിധവും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുത്. കവലകളിലും ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ പാടില്ല.

E ബോക്സ് ആകൃതിയിലുള്ള ഉച്ചഭാഷിണി മാത്രമേ പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ. ഒരു ബോക്സിൽ ര ിൽ കൂടുതൽ ഉച്ചഭാഷിണികളും ഘടിപ്പിക്കുവാൻ പാടില്ല.

F വാഹനങ്ങളിൽ ര ിൽ കൂടുതൽ ബോക്സുകൾ ഘടിപ്പിക്കുവാൻ പാടില്ല.

G പൊതുപരിപാടികൾക്ക് അനുവദിച്ചിരിക്കുന്ന ഉച്ചഭാഷിണികൾ ആ പരിപാടികളിൽ പങ്കെടുക്കുന്നവർ മാത്രം കേൾക്കത്തക്ക വിധം ക്രമീകരിക്കേ താണ്.

H ഉച്ചഭാഷിണികൽ യാതൊരു കാരണവശാലും പ്രസ്തുത സ്ഥലത്ത് പ്രവർത്തിക്കുന്ന ആംപ്ളി ഫയറിൽ നിന്നും 300 മീറററിനപ്പുറം ഘടിപ്പിക്കുവാൻ പാടില്ല.

I ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുമ്പോഴു  ാകുന്ന ശബ്ദത്തിൻെറ തോത് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിക്കുന്നതിൽ അധികമാകാൻ പാടില്ല.

| മേഖല | പകൽ | രാത്രി |
|---|---|---|
| വ്യാവസായിക മേഖല | 75 ഡെസിബൽ | 70 ഡെസിബൽ |
| വാണിജ്യ മേഖല | 65 " | 55 " |
| ആവാസ മേഖല | 55 " | 45 " |

J ഈ അനുമതിയുടെ അടിസ്ഥാനത്തിലുള്ള ഉച്ചഭാഷിണിയുടെ ഉപയോഗം ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്ന് കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കുന്ന സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഒരു പോലീസുദ്യോഗസ്ഥന് ബോധ്യമായാൽ ഉച്ചഭാഷിണിയുടെ പ്രവർത്തനം നിറുത്തി വയ്ക്കാൻ നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരമുള്ള നിർദ്ദേശം അംഗീകരിച്ചില്ലെങ്കിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കപ്പെട്ടതായി കരുതുന്നതും ഉച്ചഭാഷിണി, വാഹനം എന്നിവ ക  ുകെട്ടി മററ് നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

K ഈ ലൈസൻസ് പ്രകാരം ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുമ്പോൾ 'നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആൻറ് കൺട്രോൾ) റൂൾസ് 2000'. 20/04/2002-ലെ കേരള ഗവൺമെൻറിൻെറ വിജ്ഞാപനം നമ്പർ എസ്.ആർ.ഒ. 289/2002 കേരള പോലീസ് ആക്ട് എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണെങ്കിൽ ലൈസൻസ് വാങ്ങിയിരിക്കുന്ന ആളും, ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്ന ആളും, പരിപാടിയുടെ സംഘാടകരും, ഉച്ചഭാഷിണി വാഹനത്തിലാണ് ഘടിപ്പിച്ചിട്ടുള്ളതെങ്കിൽ അതിൻെറ ഡ്രൈവറും ശിക്ഷാർഹരായിരിക്കുന്നതാണ്..

സ്ഥലം                                                സബ് ഡിവിഷണൽ പോലീസ് ഓഫീസർ/

തീയതി                                                ജില്ലാ പോലീസ് സൂപ്ര  ്/പോലീസ് കമ്മീഷണർ

(ഓഫീസ് സീൽ)